ഉത്തരം

(എ) ആറ്റിങ്ങൽ സിവിൽ സ്റ്റേഷനിലെ ലിഫ്റ്റിന്റെ കംപ്ലീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ലിഫ്റ്റ് പ്രവർത്തനസജ്ജമായിട്ടുണ്ട്.

(ബി) കിളിമാനൂർ മിനി സിവിൽ സ്റ്റേഷനിലെ കാന്റീൻ പ്രവർത്തിപ്പിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. എന്നാൽ, കിളിമാനൂർ മിനി സിവിൽ സ്റ്റേഷനിലെ ലിഫ്റ്റ് പ്രവർത്തിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

വെസ്റ്റ് എളേരി വനിതാ ഐ.ടി.ഐ.-യ്ക്ക് സ്ഥലം

62(2674) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാസർഗോഡ് ജില്ലയിലെ വെസ്റ്റ് എളേരി വനിതാ ഐ.ടി.ഐ.-യ്ക്ക് സ്ഥലം ലഭ്യമാക്കാനുള്ള നടപടി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നും എപ്പോൾ ലഭ്യമാക്കാൻ കഴിയുമെന്നും വ്യക്തമാക്കാമോ?

ഉത്തരം

കാസർഗോഡ് ജില്ലയിലെ വെസ്റ്റ് എളേരി വനിതാ ഐ.ടി.ഐ.-യ്ക്ക് കെട്ടിട നിർമ്മാണത്തിന് ഭൂമി ലഭിക്കുന്നതിനുള്ള ഗ്രാമപഞ്ചായത്തിന്റെ അപേക്ഷ കാസർഗോഡ് ജില്ലാ കളക്ടർക്ക് റിപ്പോർട്ടിനായി നൽകിയിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് ഇക്കാര്യത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

ഭൂരഹിതരില്ലാത്ത കേരളം

63(2675) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 'ഭൂരഹിതരില്ലാത്ത കേരളം' പദ്ധതി പ്രകാരം എത്ര പേർക്ക് ഇതുവരെ ഭൂമി വിതരണം ചെയ്തിട്ടുണ്ട്; സ്ഥലം, ഗുണഭോക്താക്കളുടെ എണ്ണം, നൽകിയ ഭൂമിയുടെ അളവ്, ഭൂമി നൽകിയ വർഷം എന്നിവ ജില്ല തിരിച്ച് ലഭ്യമാക്കുമോ;

(ബി) ഗുണഭോക്താക്കൾക്ക് അനുവദിച്ച ഭൂമിയിൽ സർവ്വേ നടത്തി ഭൂമി അളന്നു തിരിച്ച് എത്ര പേർക്ക് നൽകി; സ്ഥലം, ഗുണഭോക്താക്കളുടെ എണ്ണം എന്നിവ ജില്ല തിരിച്ച് ലഭ്യമാക്കുമോ;

(സി) സർവ്വേ നടത്തി അളന്ന് തിരിച്ച ഭൂമിയിൽ എത്ര പേർക്ക് റ്റൈറ്റിൽ (പ്രമാണം) തയ്യാറാക്കി നൽകി; സ്ഥലം, ഗുണഭോക്താക്കളുടെ എണ്ണം എന്നിവ ജില്ല തിരിച്ച് ലഭ്യമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) സർവ്വേയും നടത്തി റ്റൈറ്റിലും തയ്യാറാക്കി നൽകിയ എത്ര പേർക്ക് പട്ടയം നൽകി ; സ്ഥലം, ഗുണഭോക്താക്കളുടെ എണ്ണം എന്നിവ ജില്ല തിരിച്ച് ലഭ്യമാക്കുമോ;

(ഇ) ഈ പദ്ധതിയിൽ ഉൾപ്പെടുത്തി വിതരണത്തിന് കണ്ടെത്തിയ ഭൂമി ഗുണഭോക്താക്കൾക്ക് ലഭ്യമാകാതിരുന്ന എത്ര സ്ഥലങ്ങൾ ഉണ്ട്, സ്ഥലം, നിശ്ചയിച്ച ഗുണഭോക്താക്കളുടെ എണ്ണം, ഭൂമി ലഭ്യമാകാത്തതിനുള്ള കാരണം എന്നിവ ജില്ല തിരിച്ച് ലഭ്യമാക്കുമോ?

ഉത്തരം

(എ) ഭൂരഹിതരില്ലാത്ത കേരളം പദ്ധതി പ്രകാരം സംസ്ഥാനത്ത് നാളിതുവരെയായി 43437 ഗുണഭോക്താക്കൾക്ക് ഭൂമി അനുവദിച്ചിട്ടുണ്ട്. ഗുണഭോക്താക്കളുടെ എണ്ണം അനുവദിച്ച ഭൂമിയുടെ അളവ്, അനുവദിച്ച വർഷം എന്നിവ ജില്ല തിരിച്ച് അനുബന്ധമായി ചേർത്തിട്ടുണ്ട്.

(ബി) വീട് വയ്ക്കാൻ അനുയോജ്യമായതും ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരം പതിച്ചുകൊടുക്കാൻ കഴിയുന്നതുമായ ഭൂമിയാണ് ഭൂരഹിതരില്ലാത്ത കേരളം പദ്ധതിക്ക് ഉപയോഗപ്പെടുത്തുന്നത്. ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരമുള്ള നടപടികളുടെ ഭാഗമായി സർവ്വേ ചെയ്ത് റെക്കോർഡുകൾ തയ്യാറാക്കി പ്ലോട്ട് തിരിച്ചാണ് ഗുണഭോക്താക്കൾക്ക് നൽകുന്നത്. പട്ടയം അനുവദിച്ചതിൽ കോടതി കേസുകൾ, മറ്റ് തർക്കങ്ങൾ എന്നിവ ഉണ്ടായവ ഒഴികെയുള്ള മുഴുവൻ ഭൂമിയും കൈമാറിയിട്ടുണ്ട്. തർക്കങ്ങൾ പരിഹരിച്ച് ഭൂമി കൈമാറുന്ന പ്രവർത്തനവും നടന്നുവരുന്നു. നടപടികൾ പൂർത്തിയാകാത്തതിനാൽ ഇത്തരത്തിലുള്ള കേസുകളുടെ കൃത്യമായ എണ്ണം ലഭ്യമാകുന്നില്ല.

(സി) കോടതി കേസുകളും തർക്കങ്ങളും ഉണ്ടാകാത്ത കേസുകളിലെല്ലാം പട്ടയം നൽകിയിട്ടുണ്ട്.

(ഡി) 43437 ഗുണഭോക്താക്കളിൽ കോടതി കേസുകളിൽ ഉൾപ്പെട്ട ചില കേസുകൾ ഒഴികെ ബാക്കിയുള്ളവയ്ക്ക് പട്ടയം വിതരണം ചെയ്തിട്ടുണ്ട്. കോടതി കേസുകളിലും തർക്കങ്ങളിലും പരിഹാര നടപടികൾ സ്വീകരിച്ച് പട്ടയം വിതരണം ചെയ്യാനുള്ള സമയബന്ധിത നടപടികൾ ജില്ലാ കളക്ടർമാരുടെ നേതൃത്വത്തിൽ നടന്നുവരികയാണ്. നടപടികൾ പൂർത്തിയായാൽ മാത്രമേ ഇത്തരത്തിൽ നൽകാൻ കഴിയുന്ന പട്ടയങ്ങളുടെ അന്തിമ എണ്ണം തിട്ടപ്പെടുത്താൻ കഴിയുകയുള്ളൂ.

(ഇ) കോടതി കേസുകളിൽ പെട്ടതോ തർക്കങ്ങളിൽ പെട്ടതോ ആയ ഭൂമി മാത്രമാണ് ചില ജില്ലകളിൽ വിതരണം ചെയ്യാൻ ബാക്കി നിൽക്കുന്നത്. തുടർ നടപടികൾ സ്വീകരിച്ച് ഇത്തരം ഭൂമി വിട്ടുകൊടുക്കാൻ ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയതിനെ തുടർന്ന് നടപടികൾ പുരോഗമിച്ചുവരുന്നു. നടപടികൾ പൂർത്തിയാകാത്തതിനാൽ ഇത്തരം കേസുകളുടെ എണ്ണം തിട്ടപ്പെടുത്താൻ കഴിയുന്നില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly